7. കട്ടനാട്-എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ ബസ് സർവ്വീസ്

ശ്രീ. തോമസ് ചാണ്ടി: സർ, അൻപത് വർഷം മുമ്പ് ഞാൻ വള്ളത്തിലും ബോട്ടിലുമായാണ് സ്കൂളിൽ പോയിരുന്നത്. കട്ടനാട്ടിലെ ഗ്രാമഗ്രാമാന്തരങ്ങളിലുള്ള തോടുകളിൽ ബോട്ട് പോയിട്ട് വള്ളംപോലും പോകാൻ സാധിക്കാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്. തലങ്ങും വിലങ്ങും റോഡുകളുണ്ടായി എന്നുള്ളത് നല്ല കാര്യം തന്നെയാണ്. റോഡിൽകൂടി വാഹനങ്ങൾക്ക് പോകാൻ സാധിച്ചില്ലെങ്കിൽ ജനങ്ങൾ എന്തുചെയ്യും ? ഏകജാലകം കാരണം എടത്വായിലെ ഒരു കുട്ടിക്ക് രാമങ്കരയിലും രാമങ്കരിയിലെ ഒരു കുട്ടിക്ക് കൈനകരിയിലും കൈനകരിയിലെ ഒരു കുട്ടിക്ക് പുല്ലങ്കാട്ടിലാണ് അഡ്മിഷൻ കിട്ടുന്നത്. എങ്ങനെയാണ് കുട്ടികൾ സ്കൂളിൽ പോയി പഠിക്കുന്നത് ? പഠിക്കണമെങ്കിൽ ഗതാഗത വകുപ്പിന് കനിവുണ്ടാകണം. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഞാൻ 40 ലക്ഷം രൂപ കൊടുത്ത് എടത്വാ ഡിപ്പോയിൽ ഒരു കെട്ടിടം നിർമ്മിച്ചുകൊടുത്തു. എന്നിട്ടും അവിടെ ട്രാൻസ്പോർട്ട് ബസ്സില്ല. ആ ഡിപ്പോയിൽ അടിയന്തരമായി മൂന്ന് ബസ്സുകൾ അനുവദിക്കണം. അവിടെ കർഷകരും കർഷക തൊഴിലാളികളും പാവങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു ഗ്രാമപ്രദേശമാണ്. അവിടെ വണ്ടികൾ കുറവാണ്. എല്ലായിടത്തും ട്രാൻസ്പോർട്ട് സർവ്വീസ് ഇല്ല. ഒന്നുകിൽ ആ ഡിപ്പോയിൽ ട്രാൻസ്പോർട്ട് ബസ് അനുവദിച്ചുനൽകണം അല്ലെങ്കിൽ പ്രൈവറ്റ് ബസ്സുടമകൾക്ക് ബസ് ഓടിക്കാൻ അനുമതി നൽകണം. ഈ രണ്ടുകാര്യങ്ങളിൽ ഏതെങ്കിലുമൊന്നിൽ നടപടി സ്വീകരിക്കണം. ഓട്ടോറിക്ഷയ്ക്കുപോലും പോകാൻ പറ്റാത്ത രീതിയിലാണ് വാട്ടർ അതോറിറ്റി പൈപ്പിടാനായി റോഡ് വെട്ടിപ്പൊളിച്ചിട്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് വെട്ടിപ്പൊളിച്ച റോഡുകൾ മൂടാത്തത് കാരണം നാട്ടുകാർക്ക് യാത്രാസൗകര്യമില്ല. ഞാൻ അടുത്ത വെള്ളിയാഴ്ച സഭയിൽ ഹാജരാകാതെ അവിടത്തെ റോഡിൽ പോയി കത്തിയിരിക്കാൻ പോകുകയാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ മാത്രമല്ല പരുമലയാറ്റിൽനിന്നും വെള്ളമെടുത്ത് ആലപ്പുഴ UIDSSMT-ൽ കൊണ്ടുപോകുന്നതും എന്റെ നെഞ്ചിൽ കൂടെയാണ്. നിങ്ങൾ വെള്ളം കൊണ്ടുപോകുന്നതിൽ എനിക്ക് വിരോധമില്ല. വെട്ടിപ്പൊളിച്ചിട്ടിരിക്കുന്ന റോഡുകൾ മൂടാൻ ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് ദയ കാണിക്കണം. അല്ലെങ്കിൽ അവിടെ ജീവിക്കാൻ സാധിക്കാതെ വരും. അതുകൊണ്ട് അടിയന്തരമായി എടത്വ ഡിപ്പോയിൽ മൂന്നുബസ്സുകൾ അനുവദിക്കണം. ബസ്സില്ലാത്ത പ്രദേശങ്ങളിൽ ബസ് അനുവദിക്കുകയോ അല്ലെങ്കിൽ പ്രൈവറ്റുകാർക്ക് ആ ഡിപ്പോയിൽ ബസ്സിടാൻ അനുമതി കൊടുക്കുകയോ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങയുടെ പ്രൊപ്പോസലിനോട് ഞാൻ പോസിറ്റീവായി പ്രതികരിക്കും. അങ്ങയെപോലുള്ള ബഹുമാന്യനായ ഒരംഗം റോഡിന്റെ നടുക്കുപോയി കിടക്കരുത് എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അങ്ങ് ആ ഡിപ്പോയ്ക്കായി മൂന്ന് ബസ് അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്. നേരത്തെ ആ ഡിപ്പോയിൽ പേപ്പർ ഷെഡ്യൂളായി കറേ ഷെഡ്യൂളുകളുണ്ടായിരുന്നു. അത് യാത്രക്കാരില്ലാത്തതിനാലും സർക്കാരിന് സാമ്പത്തികമായി പിടിച്ചു നിൽക്കാൻ സാധിക്കാത്തതുകൊണ്ടും നിർത്തിയ ഷെഡ്യൂളാണെങ്കിൽ അങ്ങ് നിർബന്ധിക്കില്ലെന്ന് എനിക്കറിയാം. ഇപ്പോൾ ലൈവായുള്ള ഷെഡ്യൂൾ നടത്തിക്കൊണ്ടുപോകുന്നതിന് എന്ത് അപാകതയാണുള്ളതെന്ന് അങ്ങും ഞാനും ഉദ്യോഗസ്ഥരേയുംകൂടി വിളിച്ച് പേഴ്സണലായി ചർച്ച നടത്തി ഈ പ്രശ്നത്തിന് പോസിറ്റീവായ പരിഹാരം കണ്ടെത്താം.

8. കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീ. സി. കെ. സദാശിവൻ : സർ, കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കെട്ടിട സമുച്ചയം അപകടഭീഷണി ഉയർത്തുന്നതും 50 വർഷത്തിലേറെ പഴക്കമുള്ളതുമാണ്. ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന പ്രധാന ഓഫീസ്, ക്യാന്റീൻ, സെക്യൂരിറ്റി റൂം, വിശ്രമ മുറി എന്നിവ ഏത് നിമിഷവും നിലം പൊത്താവുന്നൊരു അവസ്ഥയിലാണ്. ദേശീയപാതയുടെ ഓരത്തായി കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നാലര ഏക്കർ സ്ഥലത്താണ് പ്രസ്തുത ഡിപ്പോ പ്രവർത്തിക്കുന്നത്. ഏത് നിമിഷവും ഈ മതിൽ ഇടിഞ്ഞുവീഴാവുന്ന അവസ്ഥയിലായതിനാൽ ഇത് ജീവനക്കാർക്കും വഴിയാത്രക്കാർക്കും ഭീഷണിയായി തീർന്നിരിക്കുകയാണ്. 10-3-2012-ൽ അന്ന് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുമെന്ന് ആലപ്പുഴ കളക്ടറേറ്റിലെ ഒരു കോൺഫറൻസിൽ പ്രഖ്യാപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗതാഗതവകുപ്പുമന്ത്രിയായിരുന്ന സമയത്തും കായംകുളം ബസ് സ്റ്റേഷനിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്ത ഒരു യോഗത്തിൽ കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ അവിടെ ഒന്നും നടന്നില്ല. പ്രഖ്യാപനങ്ങൾ ആവർത്തിക്കാതെ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മാത്രമല്ല, വല്ലാത്ത യാത്രാക്ലേശമാണ് ആ ബസ് സ്റ്റേഷനിൽ യാത്രക്കാർ

LIBRARY ARCHIVES Kerala Legislative Assembly